**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4550** — **13-03-2023 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ സ്ഥിതി വിവരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | **വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങളുടെ വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധം 1- ആയി ചേർക്കുന്നു.**<br><br>**വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഭവന രഹിതരായ 30 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ആയതിൽ 25 പേർ ഭൂരഹിത-ഭവനരഹിതരാണ്. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.** |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് ഭൂമിയും ഭവനവും ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | **ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരായ പട്ടികജാതി ഗുണഭോക്താക്കൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം/പട്ടികജാതി വികസന വകുപ്പ് മുഖേന ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്നു. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വകുപ്പ് നടപ്പിലാക്കിവരുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും മുനിസിപ്പാലിറ്റി പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000/- രൂപയും കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6,00,000/- രൂപയും അനുവദിക്കുന്നു. ഇത്തരത്തിൽ സ്വന്തമായോ വകുപ്പുകൾ മുഖേനയോ ഭൂമിയുള്ളതും ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടതുമായ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന ഭവന നിർമ്മാണത്തിനായി 4,00,000/- രൂപ ധനസഹായം നൽകിവരുന്നു.** |

| | | | |
|---|---|---|---|
| | | | **വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഭൂരഹിത-ഭവനരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമിയും വീടും ലഭ്യമാക്കുന്നതിനും കൂടാതെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതിയിലും ഉൾപ്പെടുത്തി ഭൂമി ലഭ്യമാക്കി വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

| തദ്ദേശ സ്വയംഭരണ സ്ഥാപനം | ഭൂമിയുള്ള ഭവനരഹിതർ | ഭൂരഹിത ഭവനരഹിതർ |
|---|---|---|
| എടവനക്കാട് | 133 | 72 |
| എളംകുന്നപ്പുഴ | 155 | 101 |
| കടമക്കുടി | 63 | 21 |
| കുഴുപ്പിള്ളി | 58 | 28 |
| മുളവുകാട് | 115 | 71 |
| നായരമ്പലം | 160 | 111 |
| ഞാറയ്ക്കൽ | 140 | 91 |
| പള്ളിപ്പുറം | 119 | 47 |
| **ആകെ** | **943** | **542** |

## അനുബന്ധം-2

| ക്രമ നം. | പഞ്ചായത്ത് | ഭൂരഹിത ഭവന രഹിതരുടെ എണ്ണം | ഭൂമിയുള്ള ഭവന രഹിതരുടെ എണ്ണം |
|---|---|---|---|
| 1 | പള്ളിപ്പുറം | 3 | – |
| 2 | എടവക്കാട് | 2 | – |
| 3 | ഞാറക്കൽ | 3 | – |
| 4 | കുഴുപ്പിള്ളി | 1 | 1 |
| 5 | എളംകുന്നപ്പുഴ | 16 | 4 |
| 6 | നായരമ്പലം | – | – |
| 7 | കടമക്കുടി | – | – |
| 8 | മുളവുകാട് | – | – |
| **ആകെ** | | **25** | **5** |

സെക്ഷൻ ഓഫീസർ